പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം .3920 | 24.6.2014 ൽ മറുപടിക്ക്

**ഇ-സംഭരണ സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി വിഷ്ണുനാഥ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വി.റ്റി ബൽറാം | ശ്രീ.പി .കെ .കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഇ-സംഭരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (എ) ഉണ്ട്. 07-12-11 മുതൽ സംസ്ഥാനത്ത് ഇ-സംഭരണ സംവിധാനം നിലവിൽ വന്നു. 8-10-2012 ൽ സർക്കാർ ഉത്തരവ് നമ്പർ G.O(Ms) No. 18/2012/ വി.സാ.വ പ്രകാരം എല്ലാ വകുപ്പുകളും പൊതു മേഖലാ സ്ഥാപനങ്ങളും 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ ടെൻഡറുകൾക്കും ഇ-സംഭരണ സംവിധാനം പിൻതുടരണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം നടപ്പിലാക്കുമ്പോൾ കൂടുതൽ മത്സരങ്ങൾ ഉണ്ടാകുകയും അതുവഴി മിതമായ നിരക്കിൽ സംഭരണവും, കരാർ പ്രവർത്തികൾ ലഭ്യമാക്കുകയുമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം . |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ;<br>(സി) എന്തെല്ലാം ഗുണഫലങ്ങളാണ് പ്രസ്തുത സംവിധാനം വഴി വിവിധ വകുപ്പുകൾക്ക് ലഭ്യമാകുകയെന്ന് വിശദമാക്കാമോ ; | (ബി) & (സി) വിവിധ സർക്കാർ വകുപ്പുകളുടെയും പൊതു മേഖല സ്ഥാപനങ്ങളുടെയും സംഭരണം ഒരു കുടക്കീഴിൽ കൊണ്ടു വരുക, കരാർ/ ടെൻഡർ പ്രക്രിയയുടെ സുതാര്യതയും തുറന്ന മത്സരവും ടെൻഡറുകളുടെ രഹസ്യ സ്വഭാവവും കാത്തു സൂക്ഷിക്കുക, ടെൻഡർ നടപടികളിലെ കാല താമസം ഒഴിവാക്കി സമയ ബന്ധിതമായി ടെൻഡർ പ്രക്രിയ പൂർത്തീകരിക്കുക എന്നിവയാണ് ഇ-പ്രൊക്യുർമെന്റ് / ഇ-ടെണ്ടറിംങ് എന്ന കടലാസു രഹിത സംവിധാനത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ദർഘാസ് പ്രമാണങ്ങൾ ഓൺലൈനിലൂടെ സമർപ്പിക്കുക, തെരഞ്ഞെടുക്കാത്ത കരാറുകാരുടെ നിരത ദ്രവ്യം ഓൺലൈനിലൂടെ ഉടൻ മടക്കി നൽകുക. |

ഏറ്റവും ചുരുങ്ങിയ ചെലവിൽ പരമാവധി വേഗത്തിൽ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിക്കുക, കരാറുകാർക്ക് ആരോഗ്യകരമായ തുറന്ന മത്സരം, ദർഘാസ് വിവരങ്ങൾ എല്ലാവർക്കും ഒരു പോലെ ലഭ്യമാക്കുക എന്നീ സൗകര്യങ്ങളാണ് ഇ-സംഭരണത്തിന്റെ മേന്മ.

| | |
|---|---|
| (ഡി) ആരെല്ലാമാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) നാഷണൽ ഇൻഫർമാറ്റിക് സ് സെൻറർ, സ് റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, എന്നിവരുടെ സഹകരണത്തോടെ കേരള സ്റ്റേറ്റ് ഐ.റ്റി മിഷനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സാങ്കേതിക സഹായവും ജീവനക്കാർക്കും കരാറുകാർക്കുമുള്ള പരിശീലനം നൽകുന്ന ചുമതല ഐ റ്റി മിഷനാണ്. ഇതിനു വേണ്ടി ഐ റ്റി മിഷന്റെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റും ഇ-പ്രൊക്യൂർമെൻറ് സെല്ലും ഹെല്പ്ഡസ് ക്കും തിരുവനന്തപുരത്തും, എറണാകുളത്തും പ്രവർത്തിച്ചു വരുന്നു. സോഫ്റ്റ് വെയർ നിർമാണവും അതിന്റെ മെയിന്റനൻസും നിർവഹിക്കുന്നത് നാഷണൽ ഇൻഫർമാറ്റിക് സ് സെന്ററും നിരത ദ്രവ്യവും ദർഘാസ് തുകയും ഓൺലൈൻ വഴി അടക്കാനുള്ള ഇ-പേയ് മെന്റ് സംവിധാനം ലഭ്യമാക്കുന്നതും അതിന്റെ മെയിന്റനൻസ് നിർവഹിക്കുന്നതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമാണ്. |

**സെക്ഷൻ ഓഫീസർ**